DESPATCHED On...9.1.6.1.2020
4.2.2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2147*(2)/2016*/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 13637/*എസ്.ഐ.സി–ജി 6/2016*)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.തോമസ് സിറിയക്,<br>ഹൗസ് നം.2, ഗ്രീൻഗാർഡൻസ് റസിഡൻസ്<br>വെൽഫെയർ അസോസിയേഷൻ,<br>ചങ്ങനാശ്ശേരി. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്,<br>തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി,<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.08.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.10.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 03.10.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 18.10.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.11.2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.11.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.തോമസ് സിറിയക്ക് 04.11.2016 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീലിനും വിവരം ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 27.08.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. 01.06.2016 ൽ കൂടിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ പ്രാദേശിക സമിതി യോഗത്തിന്റെ മിനിറ്റ്സിന്റെ 22-ാം പേജിൽ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത 10 അപേക്ഷകൾക്ക് പ്രാദേശിക നിരീക്ഷണ സമിതിയുടെ അംഗീകാരം ആവശ്യമില്ലെന്ന് തീരുമാനിച്ചിരിക്കുന്നു.

II. ടി സ്ഥലം നികത്തു പുരയിടം ആണോ? വസ്തുവിന്റെ അളവുകൾ എത്ര?

III. എന്തു കാരണത്താലാണ് അംഗീകാരം ആവശ്യമില്ലായെന്ന് തീരുമാനിച്ചിരിക്കുന്നത്. സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ ഉണ്ടോ? ഉണ്ടെങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 5 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 26.11.2016 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 03.10.2016 ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷ ഓഫീസിൽ ലഭിച്ച് 7 ദിവസത്തിനകം മറുപടി നൽകുന്നതിനായി ആറ്റിപ്ര കൃഷി ഓഫീസർക്ക് 18.10.2016 ൽ അയച്ചുകൊടുക്കുകയും 26.10.2016 ൽ ആറ്റിപ്ര കൃഷി ഓഫീസർ മറുപടി ടിയാനു നൽകുകയും ചെയ്തുവെന്നാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ആറ്റിപ്ര കൃഷി ഭവനിൽ നിന്നും 26.10.2016 ൽ മറുപടി നൽകുകയുണ്ടായിയെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി. അപ്പീൽ ഹർജിക്കാരന് 26.10.2016 ൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി തെളിയിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും സ്റ്റാമ്പു അക്കൗണ്ടിന്റെ വിവരങ്ങളും ഒരാഴ്ചയ്ക്കകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്ന് ഹിയറിംഗ് സമയത്ത് നിർദ്ദേശം നൽകിയതിന്റ അടിസ്ഥാനത്തിൽ 21.01.2020 ലെ കെ.ബി.എ–6/2019–2020 നമ്പർ കത്ത് പ്രകാരം ടി വിവരങ്ങൾ എതിർകക്ഷി ഹാജരാക്കിയിട്ടുള്ളതായി കമ്മീഷൻ കാണുന്നു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടിയാന്മാർക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION